**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3371** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും വലിച്ചെറിയുന്നതും വിവിധ മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി റ്റി പി സി കൾ, ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കി വരുന്നു. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന ശുചിത്വ മിഷൻ എന്നിവർ ചേർന്ന് ഗ്യാപ്പ് അസ്സസ്മെന്റ് നടത്തുകയും ശുചീകരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു . |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ മുതലായവ സ്ഥാപിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് , ബയോ ഗ്യാസ് പ്ലാന്റുകൾ, എന്നിവ വകുപ്പ് നടപ്പിലാക്കിയിരുന്നു . കായൽ ടൂറിസം മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു മാലിന്യ നിർമാർജ്ജനം. ഇതിനായി ടൂറിസം വകുപ്പ് കോട്ടയം ജില്ലയിലെ കുമരകത്ത് ഒരു STP യും സ്ഥാപിച്ചിരുന്നു . നിലവിൽ കോട്ടയം ജില്ലയിലുള്ള കുമരകത്തുള്ള പ്ലാന്റിൽ മാലിന്യം ബാർജ് മുഖേന കൊണ്ട് പോയി സംസ്കരിച്ച് വരുന്നു. ആലപ്പുഴ വട്ടക്കായലിൽ ഒരു പുതിയ എസ്. ടി . പി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ് . കോട്ടയം ജില്ലയിലെ സീവേജ് ബാർജ്ജ് ഡ്രൈ ഡോക്ക് ചെയ്യുന്നതിനായി വകുപ്പ് 12,80,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . നിലവിൽ ടി പ്രവർത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ Construction & Delivery of 15m3 Sewage Barge ന് 97,29,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനായി മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) | വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.<br><br>**<u>ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ.</u>**<br><br>കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ" ". 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ പ്രവർത്തിച്ചു വരുന്നു. ഇതിനായി വകുപ്പിൽ നിന്നും തുകയും അനുവദിച്ചു വരുന്നുണ്ട്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ 2025-26 എന്ന പദ്ധതിയുടെ നടത്തിപ്പിനായി 10,69,20,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>**<u>കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം</u>**<br><br>കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു . ടി പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 62,10,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>**<br><br>ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി , മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽ മേട് (ആമപ്പാറ), രാമക്കൽ മേട് പാർക്ക് പരുന്തുപാറ, പാഞ്ചാലി മേട് , വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക് , ഹിൽവ്യൂ പാർക്ക് - ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന് ), വാഗമൺ (അഡ്വഞ്ചർ പാർക്ക്) തൊമ്മൻ കുത്ത് , അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി സേവ് "ഗ്രീൻ സേവ് ടൂറിസം " എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു . ടി പദ്ധതിയ്ക്കായി 2024-25 –ൽ 75,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും ആയത് |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി റ്റി പി സി കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവർ സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് ഗ്യാപ്പ് അസ്സസ്സ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻപ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണ് . ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതുമാണ്. പ്ലാസ്റ്റിക്ക് വസ്തുക്കൾ പാർക്കുകളിൽ കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിന് ശ്രദ്ധ പുലർത്തുന്നതിനും നല്ല രീതിയിൽ സഞ്ചാരികളെ പറഞ്ഞ് മനസ്സിലാക്കുന്നതിനും ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ